## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6547. 03.04.2018 ൽ മറുപടിയ്ക്ക്

### ദേശീയ സംസ്ഥാന പാതയോരങ്ങളിലെ മദ്യശാല

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.കെ.മുരളീധരൻ | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ദേശീയ സംസ്ഥാന പാതയോരങ്ങളിൽ മദ്യശാല പാടില്ലായെന്ന സുപ്രീംകോടതി വിധിക്ക് ലഭിച്ച ഇളവ് പ്രകാരം, നഗരസ്വഭാവമുള്ള പഞ്ചായത്തുകൾക്ക് ഇളവ് നൽകുന്നതിന് സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ അതിന്റെ മാനദണ്ഡമെന്താണ് എന്നറിയിക്കാമോ; | (എ) | ഉണ്ട്. ബഹു.സുപ്രീംകോടതിയുടെ 23/02/2018-ലെ ഉത്തരവിൽ വ്യക്തിഗതമായി ലൈസൻസ് സ്ഥാപനങ്ങളുടെ അപേക്ഷ പരിഗണിക്കുവാൻ ഗവൺമെന്റിന് നിർദ്ദേശം നൽകിയിരുന്നു. ആയതിൻ പ്രകാരം വ്യക്തിഗത അപേക്ഷകൾ പരിഗണിക്കുന്നതിൽ താഴെ പറയുന്ന പൊതു മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>(എ) 10,000 - ൽ കൂടുതൽ ജനസംഖ്യയുള്ള പഞ്ചായത്തുകളെ നഗരസ്വഭാവമുള്ളവയായി കണക്കാക്കാം.<br>(ബി) വിനോദസഞ്ചാര മേഖലകളായി നികുതി വകുപ്പോ, വിനോദ സഞ്ചാര വകുപ്പോ നിർണ്ണയിച്ച്, പ്രഖ്യാപിച്ചിട്ടുള്ള സ്ഥലങ്ങളും അടിസ്ഥാന സൗകര്യങ്ങളുടെ വികസനങ്ങളുടെ കാര്യത്തിൽ നഗരങ്ങൾക്ക് സമാനമായ സ്വഭാവ വിശേഷങ്ങൾ ഉള്ള മേഖലയായി കണക്കാക്കാം. |
| (ബി) | ഈ സാഹചര്യത്തിൽ പൂട്ടിക്കിടക്കുന്ന എത്ര കള്ള് ഷാപ്പുകളും ബീയർ-വൈൻ പാർലറുകളും ബാറുകളും തുറക്കുവാൻ കഴിയുമെന്നാണ് സർക്കാർ കണക്കാക്കുന്നത്; | (ബി) | കണക്കാക്കിയിട്ടില്ല. വ്യക്തിഗത അപേക്ഷകൾ കിട്ടുന്ന മുറയ്ക്ക് പൊതു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനാനുമതി നൽകാൻ നിർദ്ദേശിച്ചിട്ടുള്ളതാണ്. |
| (സി) | ഇവ തുറക്കുന്നതിലൂടെ ലൈസൻസ് ഫീസിനത്തിൽ എത്ര ലക്ഷം രൂപ ലഭിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | കണക്കാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ